"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഉണ്ടാകുന്ന കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.11/2026/P&ARD    തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:- 29.03.2025 തീയതിയിലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി. നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അതിലംഘനം ചെയ്തുകൊണ്ട് പരാമർശം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം ഉത്തരവിലെ ഖണ്ഡിക XII (1) പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം, അപേക്ഷകൻ 18 വയസ്സോ അതിനു മുകളിലോ ഉള്ളയാളാണെങ്കിൽ ജീവനക്കാരൻ മരണമടഞ്ഞ തീയതി മുതൽ മൂന്ന് വർഷത്തിനകവും, അപേക്ഷകൻ 18 വയസ്സിന് താഴെയുള്ള ആളാണെങ്കിൽ 18 വയസ്സ് പൂർത്തിയായി മൂന്ന് വർഷത്തിനകവും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പരാമർശം ഉത്തരവിലെ ഖണ്ഡിക XII (2) പ്രകാരം നിശ്ചിത സമയപരിധി കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം തക്കതായ കാരണങ്ങൾ ഇല്ലാതെ ഒരു കാരണവശാലും പരിഹരിച്ച് നൽകുന്നതല്ല എന്നും അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച് വ്യക്തമായ രേഖകൾ/വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും രണ്ട് വർഷത്തിൽ താഴെ കാലതാമസമുള്ള കേസുകളിൽ വ്യവസ്ഥകളിൽ ഇളവ് നൽകേണ്ടതാണെന്ന് സർക്കാരിന് ബോധ്യമാകുന്ന സംഗതിയിൽ അപേക്ഷയുടെ എല്ലാ വശവും പരിശോധിച്ച് ചീഫ് സെക്രട്ടറി മുഖേന മുഖ്യമന്ത്രിയുടെ ഉത്തരവോടുകൂടി തീരുമാനമെടുക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണങ്ങളുണ്ടെങ്കിൽ മന്ത്രിസഭയുടെ അനുമതിയോടെ മാപ്പാക്കാവുന്നതാണ് എന്നും, എന്നാൽ, ഇതൊരു അവകാശമായി കണക്കാക്കാൻ ആകാത്തതും മുഖ്യമന്ത്രിയുടെ/മന്ത്രിസഭയുടെ അതതു സംഗതിപോലെ, തീരുമാനം അന്തിമമായിരിക്കുന്നതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി

സമർപ്പിക്കുന്ന അപേക്ഷകളിൽ ഉണ്ടാകുന്ന കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ ഒരിക്കൽക്കൂടി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഉത്തരവിലെ ഖണ്ഡിക XII (2) ചുവടെ പരാമർശിക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഭാവിയിൽ ആശ്രിതനിയമനവുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ല. പകരം കാലതാമസമുള്ള കേസുകളിൽ, കാലതാമസത്തിന്റെ ദൈർഘ്യം പരിഗണിക്കാതെ, കാലതാമസം നേരിട്ടത് സംബന്ധിച്ച് വ്യക്തമായ രേഖകൾ/വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തക്കതായ കാരണങ്ങളുണ്ടെങ്കിൽ മാത്രം ഭരണവകുപ്പുകൾ ബന്ധപ്പെട്ട വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവോടുകൂടി കാലതാമസം പരിഹരിച്ച് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

പരാമർശത്തിലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും,
സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും,
ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
പൊതുഭരണ (എസ്.സി) വകുപ്പ് (22.07.2026-ലെ മന്ത്രിസഭായോഗം ഇനം നം.85 പ്രകാരം)
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sivakumar. G
Date: 29-07-2026
16:39:28
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-07-2026

ഫയൽ നം. കെ3/178/2025/ആഭ്യന്തരം. ഇനം നം : 85

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി ശിവാനി സദാശിവൻ ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഭാവിയിൽ ആശ്രിതനിയമനവുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്നും, പകരം ബന്ധപ്പെട്ട വകുപ്പ് മന്ത്രി മുഖേന മുഖ്യമന്ത്രിയുടെ ഉത്തരവോടുകൂടി കാലതാമസം പരിഹരിച്ച് നൽകുന്ന കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

DS(K) Item





Generated from eOffice by CHINNU C, SG-ASST (RULES-B2) P&ARD, SG-ASST (RULES-B2) P&ARD, Personnel & Administrative Reforms on 01

85

**കേരള സർക്കാർ**
**(ശ്രീ. വി.ഡി.സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ3/178/2025/ ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | **സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി ശിവാനി സദാശിവൻ ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച്** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **04/07/2026** |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **അല്ല**<br><br>**ഇല്ല** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി. സുമി സന്ദീപിക ജി മാസ്റ്റർലി** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.മിൻഹാജ് ആലം** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **16/07/2026** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ. ബിശ്വനാഥ് സിൻഹ** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **17/07/2026** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. രമേശ് ചെന്നിത്തല** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | **20/07/2026** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | **21/07/2026** |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |





Generated from eOffice by CHINNU C, SG-ASST (RULES-B2) P&ARD, SG-ASST (RULES-B2) P&ARD, Personnel & Administrative Reforms on 01

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി കുമാരി ശിവാനി സദാശിവൻ അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 19/11/2019-ൽ നിര്യാതനായ എം.ബി.സദാശിവൻ-ന്റെ മകൾ ആലപ്പുഴ, വള്ളിക്കുന്നം, കടുവാങ്കൽ, ചാരുവിളയിൽ കുമാരി ശിവാനി സദാശിവൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് 28/02/2025 - ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടും എന്നതിനാൽ ആഡിറ്റർ, സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് കുമാരി ശിവാനി സദാശിവൻ 19/03/2026-ലെ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) പരേതന്റെ മരണ സമയത്ത് അപേക്ഷകൻ മേജറാണെങ്കിൽ, മരണം നടന്ന് 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No.12/99/P&ARD-ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എം.ബി.സദാശിവൻ-ന്റെ മരണ സമയത്ത് മേജർ ആയിരുന്ന അപേക്ഷക ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലും, തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ടിയാൾ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 3 വർഷത്തെയും, 3 മാസത്തെയും 10 ദിവസത്തെയും കാലതാമസവും, തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ 4 വർഷത്തെയും 4 മാസത്തെയും 1 ദിവസത്തെയും കാലതാമസവും ആണ് ഉണ്ടായിട്ടുള്ളത്.

4) രണ്ട് വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണമില്ലാതെ മന്ത്രിസഭയ്ക്ക് മുൻപാകെ കൊണ്ടുവരാൻ പാടില്ലായെന്ന് 07.04.2022 – ലെ ഉ.പ.സി 02/88/2022/ഉ.ഭ.പ.വ നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പരേതന്റെ മരണ സമയത്ത് മൈനറായിരുന്ന രണ്ടാമത്തെ മകൾ കുമാരി സായി സദാശിവന് ആശ്രിത നിയമനം നൽകണമെന്നാണ് താൻ വിചാരിച്ചിരുന്നതെന്നും, വ്യക്തിപരമായ കാരണങ്ങളാൽ മൂത്ത മകളായ കുമാരി ശിവാനി സദാശിവന് ജോലി നൽകുന്നതിന് ആഗ്രഹിക്കുന്നതായും, തന്റെ മൂത്ത മകൾ കുമാരി ശിവാനി സദാശിവന് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകണമെന്നും അപേക്ഷകയുടെ മാതാവ് ശ്രീമതി കവിത ചന്ദ്രമതി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

5) മേൽ അപേക്ഷ പരിഗണിച്ച് പോലീസ് വകുപ്പിൽ ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 19/11/2019-ൽ നിര്യാതനായ എം.ബി.സദാശിവൻ-ന്റെ മകൾ കുമാരി ശിവാനി സദാശിവൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷത്തെയും, 3 മാസത്തെയും 10 ദിവസത്തെയും കാലതാമസവും, തുടർന്ന് ടിയാൾ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 4 വർഷത്തെയും 4 മാസത്തെയും 1 ദിവസത്തെയും കാലതാമസവും മാപ്പാക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണോ എന്നതിലേക്കുള്ള ഉത്തരവിനായി ഫയൽ ബഹു. ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട സംഗതി

പോലീസ് വകുപ്പിൽ ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 19/11/2019-ൽ നിര്യാതനായ എം.ബി.സദാശിവൻ-ന്റെ മകൾ കുമാരി ശിവാനി സദാശിവൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷത്തെയും, 3 മാസത്തെയും 10 ദിവസത്തെയും കാലതാമസവും, തുടർന്ന് നിയമനത്തിനുള്ള തസ്തികയുടെ മുൻഗണനാക്രമം മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസവും മാപ്പാക്കി നൽകാവുന്നതാണോ ?